©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 ഫെബ്രുവരി 4
4th February 2020
1195 മകരം 21
21st Makaram 1195
1941 മാഘം 15
15th Magha 1941

നമ്പർ
No. 5

# PART III

# Co-operative Department

REGISTRATION CERTIFICATE

No. O-3424/2018. *27th December 2019.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act on the basis of limited liability and that the bye-laws of the undermentioned Society is also hereby registered under the said section.

**Categorical Statement**

1. Name and Number of the Society—Cheemeni Farmers Welfare Co-op Society K-580.
2. Date of Registration—27-12-2019
3. Address—Cheemeni P. O., Kasaragod District
4. Liability—Limited.
5. Area of Operation—Kayyur Cheemeni and Cheruvathur Grama Panchayath.
6. Main Object—Welfare of Farmers
7. Type of Society—Miscellaneous Societies-(1) Social Welfare Societies- as per Rule 15-12 (1)
8. Authorised Share Capital—₹ 1,00,00,000
9. Maximum Borrowing Power—150 times of paid up Share Capital + Reserve Fund.

Office of the Joint Registrar of Co-operative Societies (General), Kasaragod.

(Sd.)
*Joint Registrar (General).*

Gaz. No. 5/2020/DTP (Co-operative).

## കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ ഒ. 1913/2016/ആർ.ഡിസ്. 2019 ഡിസംബർ 31.

വിഷയം :—സമാപ്തീകരണം—കണ്ണൂർ ജില്ലാ എഫ്.സി.ഐ. ഹെഡ്‌ലോഡ് വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം) നമ്പർ സി. 820-ലിക്വിഡേഷൻ നടപടിക്രമങ്ങൾ പൂർത്തിയായതിനാൽ കേരള സഹകരണ നിയമ വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :— (1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 27-9-1989-ലെ 1094/1985-ാം നമ്പർ ഉത്തരവ്.

(2) സഹകരണ സംഘം രജിസ്ട്രാറുടെ 17-7-2019-ലെ എ. ഇ. എൽ. 7156/2018-ാം നമ്പർ ഉത്തരവ്.

(3) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 2-9-2013-ലെ ഒ. 6181/11-ാം നമ്പർ ഉത്തരവ്.

(4) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 24-12-2019-ലെ ഒ. 1913/2016-ാം നമ്പർ ഉത്തരവ്.

(5) ലിക്വിഡേറ്ററുടെ 28-12-2019-ലെ 436/1984/കെ നമ്പർ ഉത്തരവ്.

(6) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗിന്റെ 28-12-2019-ലെ 436/1984/കെ നമ്പർ കത്ത്.

കണ്ണൂർ ജില്ലാ എഫ്.സി.ഐ. ഹെഡ്‌ലോഡ് വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം) നമ്പർ സി. 820-ന്റെ സമാപ്തീകരണ ഉത്തരവ് സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സൂചന (2) പ്രകാരം ലിക്വിഡേറ്ററുടെ കാലാവധി 31-12-2019 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ലിക്വിഡേറ്ററായി കാഞ്ഞങ്ങാട് യൂണിറ്റ് ഇൻസ്പെക്ടർ 22-4-1989-ൽ ചാർജ്ജെടുക്കുകയും 29-4-1989-ന് ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും ആരുംതന്നെ ക്ലെയിം സമർപ്പിക്കുകയുണ്ടായില്ല. സംഘത്തിന്റെ റെക്കാർഡുകളൊന്നും ലഭ്യമാകാത്തതിനാൽ അവസാന ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കണക്ക് ലിക്വിഡേറ്റർ ചാർജ്ജ് ഏറ്റെടുക്കുമ്പോഴുള്ള ആസ്തി ബാദ്ധ്യതകളായി കണക്കാക്കി ആസ്തികൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 1985-86 വർഷത്തെ ഓഡിറ്റഡ് ബാലൻസ് ഷീറ്റ് പ്രകാരം സംഘത്തിന്റെ കടധന പട്ടിക ചുവടെ കൊടുക്കുന്നു.

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം-(വ്യക്തികൾ) | 8750.00 | കയ്യിരിപ്പ് തുക | 0.60 |
| സർക്കാർ ഓഹരി | 10000.00 | ബാങ്ക് ബാലൻസ് | 235.35 |
| ജില്ലാ ബാങ്ക് വായ്പ | 79726.70 | ജില്ലാ ബാങ്ക് ഓഹരി | 2500.00 |
| കരുതൽ ധനം | 3455.94 | ഇ. എം. ഡി. എഫ്. സി. ഐ. | 60000.00 |
| തേയ്മാന ഫണ്ട് | 86.40 | ഫർണ്ണിച്ചർ | 96.00 |
| സംശയാസ്പദമായ | | സംഘത്തിന് വരേണ്ടവ | 2355302.55 |
| ആസ്തികൾക്കുള്ള കരുതൽ | 1330781.40 | | |
| ബോണസിനുള്ള കരുതൽ | 64414.70 | | |
| വിദ്യാഭ്യാസ ഫണ്ട് | 364.59 | | |
| സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം | 2000.00 | | |
| സിൽബന്തി ചെലവും തൻചെലവും | 2167.90 | | |
| അഡ്വാൻസ് സംഘത്തിൽനിന്നും കൊടുക്കാനുള്ളത് | 1755455.16 | | |
| വിഭജിക്കാൻ ബാക്കി നിൽക്കുന്ന ലാഭം | 17211.85 | അറ്റനഷ്ടം | 856280.14 |
| ആകെ | 3274414.64 | ആകെ | 3274414.64 |

പ്രസ്തുത ആസ്തികളിൽ വിവിധ ബാങ്കുകളിലുണ്ടായിരുന്ന നിക്ഷേപം ₹ 235.35 പലിശ ₹ 68.45 സഹിതം ഈടാക്കിയിട്ടുണ്ട്. ജില്ലാ ബാങ്കിലുണ്ടായിരുന്ന ഓഹരി തുക ₹ 2,500 ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കെ സംഘം നൽകുവാനുണ്ടായിരുന്ന ഇൻകം ടാക്സ് ബാധ്യത ഈടാക്കുന്നതിനായി ഇൻകം ടാക്സ് അധികൃതർ ജപ്തി ചെയ്യുകയും ചെയ്തു. എഫ്. സി. ഐ.-യിൽ ഉണ്ടായിരുന്ന ഇ. എം. ഡി. നിക്ഷേപം ₹ 60,000-ം സെക്യൂരിറ്റി നിക്ഷേപം ₹ 40,000-ം എഫ്. സി. ഐ. ക്ക് സംഘം നൽകുവാനുണ്ടായിരുന്ന ഡെമറേജ് ചാർജ്ജ് ഇനത്തിൽ ₹ 1 ലക്ഷം വരവ് വയ്ക്കുകയും ചെയ്തതിനാൽ ഈടാക്കുവാൻ സാധിച്ചിട്ടില്ല. മറ്റ് ആസ്തികളൊന്നും റെക്കോർഡുകൾ ലഭ്യമല്ലാത്തതിനാൽ ഈടാക്കുവാൻ സാധിച്ചിട്ടില്ല. ഈടാക്കിയ ആസ്തികളിൽ ബാങ്ക് നിക്ഷേപം ഒഴികെയുള്ള ആസ്തികളെല്ലാം സംഘം നൽകുവാനുണ്ടായിരുന്ന ബാദ്ധ്യതകളിൽ വകയിരുത്തുകയാണുണ്ടായിട്ടുള്ളത്.

സംഘത്തിന്റെ പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികളും നൽകുവാൻ സാധിക്കാത്ത ബാദ്ധ്യതകളും എഴുതിതള്ളുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചത് സൂചന (3) ഉത്തരവ് പ്രകാരം താഴെ പറയും പ്രകാരം എഴുതിതള്ളി ഉത്തരവായിട്ടുണ്ട്.

| ബാദ്ധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം (വ്യക്തികൾ) | 8750.00 | ഫർണ്ണിച്ചർ | 96.00 |
| ജില്ലാ ബാങ്ക് വായ്പ | 79726.70 | നീക്കിയിരിപ്പ് തുക | 60 |
| | | സംഘത്തിൽ വരേണ്ട | |
| കരുതൽ ധനം | 3455.94 | അനാമത്ത് ആസ്തി | 2315302.55 |
| തേയ്മാന ഫണ്ട് | 86.40 | | |
| | | അറ്റനഷ്ടം | 856280.14 |
| സംശയാസ്പദമായ ആസ്തികൾക്കുള്ള കരുതൽ | 1330781.40 | | |
| ബോണസിനുള്ള കരുതൽ | 64414.70 | | |
| വിദ്യാഭ്യാസ ഫണ്ട് | 364.59 | | |
| സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം | 2000.00 | | |
| സിൽബന്തി ചെലവ്, തൻചെലവും നൽകുവാനുള്ളത് | 2167.90 | | |
| സംഘത്തിൽനിന്നും നൽകേണ്ട അനാമത്ത് ബാദ്ധ്യത | 1652955.16 | | |
| വിഭജിക്കുവാൻ ബാക്കി നിൽക്കുന്ന ലാഭം | 17211.85 | | |
| ആകെ | 3161914.64 | ആകെ | 3171679.29 |

ലിക്വിഡേറ്ററുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ മതിയായ നീക്കിയിരിപ്പ് തുക ഇല്ലാത്തതിനാൽ മറ്റ് ബാദ്ധ്യതകളൊന്നും തന്നെ കൊടുത്തു തീർക്കുവാൻ സാധിക്കാത്ത സാഹചര്യമായതിനാൽ സർക്കാർ ഓഹരി മൂലധനം അടവാക്കുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാറുടെ കോമൺ ലിക്വിഡേഷൻ അക്കൗണ്ടിൽ നിന്നും വഹിക്കുന്നതിന് ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 9-7-2019-ലെ എ. ഇ. എൽ. 7156/2018-ാം നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതിൻപ്രകാരം 22-7-2019-ന് ₹ 10,000 സർക്കാർ ഓഹരി മൂലധനം തിരിച്ചടവിനത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ ആഡിറ്റ് ഫീസ് ഇനത്തിൽ ബാക്കി നിൽപ്പുണ്ടായിരുന്ന ₹ 2,148 അടവാക്കുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാറുടെ കോമൺ ലിക്വിഡേഷൻ അക്കൗണ്ടിൽ നിന്നും വഹിക്കുന്നതിന് ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 12-12-2019-ലെ എ. ഇ. എൽ. 7156/2018 നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതിൽ പ്രകാരം 23-12-2019-ന് ₹ 2,148 ആഡിറ്റ് ഫീസ് തിരിച്ചടവിനത്തിൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.

ലിക്വിഡേഷൻ നടപടികൾ പൂർത്തികരിക്കുന്നതിലേക്കായുള്ള സംഘത്തിന്റെ എ ക്ലാസ് മെമ്പർമാരുടെ അവസാന പൊതുയോഗം 24-8-2019-ന് എ ക്ലാസ്സ് അംഗങ്ങൾ ആരുംതന്നെ പങ്കെടുത്തിട്ടില്ല. സംഘം പൊതുയോഗം 24-8-2019-ന് ചേർന്നതായി മിനുട്സ് ചെയ്തിട്ടുണ്ട്. 12/2014 സർക്കുലർ നിർദ്ദേശ പ്രകാരം ക്യാഷ് കളക്ഷന്റെ 15 ശതമാനം തുക ₹ 55 ലിക്വിഡേഷൻ ചാർജ് ഇനത്തിൽ 23-12-2019-ന് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. സംഘത്തിന്റെ എല്ലാ വരവുകളും ചെലവുകളും കഴിച്ച് നീക്കിയിരിപ്പുവന്ന തുകയായ ₹ 58,80 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗിന്റെ കോമൺ ലിക്വിഡേഷൻ ഫണ്ട് അക്കൗണ്ടിൽ 23-12-2019-ന് നിക്ഷേപിച്ചിട്ടുണ്ട്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച ശേഷമുള്ള വരവ് ചെലവ് കണക്ക് ചുവടെ കൊടുക്കുന്നു.

| വരവ് | | തുക | ചെലവ് | തുക |
|---|---|---|---|---|
| | | ₹ | | ₹ |
| അനാമത്ത് ബാദ്ധ്യത (ലിക്വിഡേറ്റർ) | | 28.10 | ഡോർമെന്റ് ചാർജ്ജ് | 99.00 |
| ബാങ്ക് നിക്ഷേപം ഈടാക്കിയത് | | | അസിസ്റ്റന്റ് രജിസ്ട്രാറുടെ കോമൺ | |
| എസ്. ബി. സി. ഡി. സി. തലശ്ശേരി | 58.98 | | ലിക്വിഡേഷൻ ഫണ്ടിലേക്ക് | |
| സി. എ. സി. ഡി. സി.തലശ്ശേരി | 75.00 | | ട്രാൻസ്ഫർ ചെയ്ത തുക | 58.80 |
| എസ് ബി എൻ. എസ് സി ബാങ്ക് | | | അനാമത്ത് ബാദ്ധ്യത (ലിക്വിഡേറ്റർ) | 28.00 |
| ബാങ്ക് നീലേശ്വരം | 70.00 | | ലിക്വിഡേഷൻ ചാർജ്ജ് | |
| ഡി.സി.ബി. നീലേശ്വരം | 31.37 | 235.35 | ട്രഷറിയിൽ ഒടുക്കിയത് | |
| പലിശ ലഭിച്ചത് | | | (12/2014 സർക്കുലർ) | 55.00 |
| എസ്. ബി. എൻ. എസ്. സി. | | | ബുക്സ് & ഫോംസ് | 3.10 |
| ബാങ്ക് നീലേശ്വരം | 40.45 | | ഇൻകം ടാക്സ് | 2500.00 |
| ഡി.സി.ബി. നീലേശ്വരം | 28.00 | 68.45 | ഡിമറേജ് ചാർജ്ജ് എഫ്.സി.ഐ. | 100000.00 |
| എസ്. ബി. അക്കൗണ്ട് പലിശ, | | 48.00 | സർക്കാർ ഓഹരി തിരികെ | |
| ജില്ലാ ബാങ്ക് ഓഹരി | | 2500.00 | അടച്ചത് | 10000.00 |
| ഇ. എം. ഡി. നിക്ഷേപം | | 60000.00 | ആഡിറ്റ് ഫീസ് തിരികെ | |
| സെക്യൂരിറ്റി നിക്ഷേപം (എഫ്. സി. ഐ) | | 40000.00 | അടച്ചത് | 2148.00 |
| കോമൺ ലിക്വിഡേഷൻ അക്കൗണ്ടിൽ | | | ഫോളിയോ ചാർജ്ജ് | 75.00. |
| നിന്നും ലഭിച്ച തുക | | 10000.00 | സേവിംഗ് അക്കൗണ്ട് | |
| കോമൺ ലിക്വിഡേഷൻ അക്കൗണ്ടിൽ | | | ക്ലോസിംഗ് ചാർജ്ജ് + ടാക്സ് | 61.00 |
| നിന്നും ലഭിച്ച തുക | | 2148.00 | | |
| ആകെ | | 115027.90 | ആകെ | 115027.90 |

കേരള സഹകരണ ചട്ടം പ്രകാരം ലിക്വിഡേറ്ററുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിന് പരാമർശം (5) പ്രകാരം എ. ഇ. എൽ. ആഡിറ്ററായി ഓഫീസ് ഇൻസ്പെക്ടറെ നിയമിക്കുകയും ആയത് പ്രകാരം എ.ഇ.എൽ. ആഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ശേഷം സംഘത്തിന്റെ കടധനപട്ടിക ചുവടെ കൊടുക്കുന്നു.

| ബാദ്ധ്യതകൾ | തുക | ആസ്തികൾ | തുക |
|---|---|---|---|
| | ₹ | | ₹ |
| ഓഹരി മൂലധനം (വ്യക്തികൾ) | ഇല്ല | കയ്യിരിപ്പ് തുക | ഇല്ല |
| സർക്കാർ ഓഹരി | ഇല്ല | | |
| ജില്ലാ ബാങ്ക് വായ്പ | ഇല്ല | ബാങ്ക് ബാലൻസ് | ഇല്ല |
| കരുതൽ ധനം | ഇല്ല | ജില്ലാ ബാങ്ക് ഓഹരി | ഇല്ല |
| തേയ്മാന ഫണ്ട് | ഇല്ല | ഇ. എം. ഡി. എഫ്. സി. ഐ. | ഇല്ല |
| സംശയാസ്പദമായ ആസ്തികൾ | | ഫർണ്ണിച്ചർ | ഇല്ല |
| ക്കുള്ള കരുതൽ | ഇല്ല | സംഘത്തിന് വരേണ്ടവ | ഇല്ല |
| ബോണസിനുള്ള കരുതൽ | ഇല്ല | അറ്റനഷ്ടം | ഇല്ല |
| വിദ്യാഭ്യാസ ഫണ്ട് | ഇല്ല | | |
| സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം | ഇല്ല | | |
| സിൽബന്തിചെലവും തൻചെലവും | ഇല്ല | | |
| അഡ്വാൻസ് സംഘത്തിൽ നിന്നും | | | |
| കൊടുക്കാനുള്ളത് | ഇല്ല | | |
| വിഭജിക്കാൻ ബാക്കിനിൽക്കുന്ന | | | |
| ലാഭം | ഇല്ല | | |
| ആകെ | ഇല്ല | ആകെ | ഇല്ല |

ചാർജ്ജെടുത്ത തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള മുഴുവൻ ആസ്തികളും ബാദ്ധ്യതകളും ചട്ടപ്രകാരം ക്രമപ്പെടുത്തിയതിനുശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം വകുപ്പ് 73 (3) അനുസരിച്ച് സമാപ്തീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (5) പ്രകാരം ലിക്വിഡേറ്റർ ശുപാർശ ചെയ്തിരിക്കുന്നു. സൂചന (6) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

കണ്ണൂർ ജില്ലാ എഫ്. സി. ഐ. ഹെഡ്‌ലോഡ് വർക്കേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 820-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേഷൻ സംബന്ധിച്ച എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്നു വർഷം സൂക്ഷിക്കേണ്ടതും, അതിനുശേഷം ഈ ഓഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, കാസറഗോഡ്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).